**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2690** **13-10-2021 - ൽ മറുപടിയ്ക്ക്**

**പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായി നടത്തുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ രക്ഷാധികാരിയായിട്ടുള്ള ഉപദേശക സമിതികളുണ്ട്. ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ, മറ്റ് പട്ടികജാതി വികസന ഓഫീസർമാർ എന്നിവർ നിശ്ചിത ഇടവേളകളിൽ ഹോസ്റ്റലുകൾ സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ ഹോസ്റ്റൽ സന്ദർശനം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തി സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | ഹോസ്റ്റലുകളുടെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമായി അറ്റകുറ്റപണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ ആവശ്യമായ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് അനുമതി നൽകി വരുന്നു. ഹോസ്റ്റലും ഹോസ്റ്റൽ പരിസരവും ശുചിയായി സൂക്ഷിക്കുന്നതിന് പാർട്ട്ടൈം സ്വീപ്പർമാരുടെ സേവനം എല്ലാ ഹോസ്റ്റലുകളിലും ലഭ്യമാക്കിയിട്ടുണ്ട്. ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് ഹോസ്റ്റലുകളിൽ വാട്ടർപ്യൂരിഫയർ അനുവദിച്ചു നൽകിയിട്ടുണ്ട്. കുടിവെള്ളക്ഷാമം നേരിടുന്ന ഹോസ്റ്റലുകളിൽ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും കേരളാ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിവെള്ള കണക്ഷനുകൾ എടുക്കുന്നതിനും നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ബെഡ്, ബെഡ് ഷീറ്റ്, ബെഡ് കവർ തുടങ്ങിയവ ആവശ്യപ്പെടുന്ന മുറയ്ക്ക് അനുവദിച്ചു വരുന്നു. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. വൃത്തിഹീനമായ അന്തരീക്ഷം ഒഴിവാക്കുന്നതിനും ഹോസ്റ്റലുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുമായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റൽ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കാരങ്ങൾ വകുപ്പ് നടപ്പിലാക്കി വരികയാണ്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സി.സി.ടി.വി, മിനിമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷക്കായി ഹോസ്റ്റലുകളിൽ അഗ്നിപ്രതിരോധ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലിലെ അന്തേവാസികൾക്കിടയിൽ പകർച്ച വ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി 115 ഹോസ്റ്റലുകളിൽ ബയോ ഹസാർഡ് സ്പിൽ കിറ്റ് സ്ഥാപിച്ചിട്ടുണ്ട്. 30 ഹോസ്റ്റലുകളിൽ സ്റ്റീം ബെയ്സ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | കൂടുതൽ കുട്ടികളെ ഈ ഹോസ്റ്റലുകളിലേയ്ക്ക് ആകർഷിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ മികച്ച താമസ സൗകര്യം ഉറപ്പു വരുത്തുന്നതോടൊപ്പം വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽ നോട്ടം വഹിക്കുന്നതിനായി മേട്രൻ കം റസിഡന്റ് ട്യൂട്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ട്യൂഷൻ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിയ്ക്ക് പ്രതിമാസം 2500/- രൂപ ചെലവഴിക്കുന്നതോടൊപ്പം പ്രതിമാസ പോക്കറ്റ് മണിയായി 200/-രൂപയും അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിനുള്ള യാത്രപ്പടി |

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങളും നൽകുന്നുണ്ട്. രണ്ട് സെറ്റ് യൂണിഫോം, നോട്ട് ബുക്ക്, സ്റ്റേഷനറി, ബാഗ്, ചെരുപ്പ്, നൈറ്റ് ഡ്രസ്സ് എന്നിവ വാങ്ങുന്നതിനും തുക അനുവദിച്ചു വരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിന് പ്രതിമാസം 2875/- രൂപയും, 200/- രൂപ പോക്കറ്റ് മണിയും, അവധി ദിവസങ്ങളിൽ വീട്ടിൽ പോയി വരുന്നതിനുള്ള യാത്രാപ്പടിയും അനുവദിക്കുന്നുണ്ട്. കൂടാതെ കായിക വിനോദങ്ങൾക്കുള്ള സൗകര്യം, ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യം എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവർത്തനങ്ങളിലൂടെ കൂടുതൽ വിദ്യാർത്ഥികളെ ഹോസ്റ്റലുകളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നതാണ്. പട്ടികവർഗ്ഗ വികന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചു കൊണ്ടുള്ള പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി ഹോസ്റ്റലുകളുടെ സ്ഥിതിയും, സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ പ്രീമെട്രിക് ഹോസ്റ്റൽ/ എം.ആർ.എസ്/ മൾട്ടി പർപ്പസ് ഹോസ്റ്റൽ എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കുട്ടികളുടെ ആരോഗ്യം, മാനസിക ഉല്ലാസം എന്നിവയ്ക്കായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനം കൂടുതൽ വിഷയങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ